**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2378** **12-10-2021 - ൽ മറുപടിയ്ക്ക്**

**സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദി കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ നിന്നും ഗവൺമെന്റ് സെക്രട്ടറിയേറ്റ്, പി.എസ്.സി, എ.ജി, നിയസഭാസെക്രട്ടേറിയറ്റ് എന്നീ സ്ഥാപനങ്ങളിലെ ഓഫീസ് അറ്റൻഡന്റുമാരെ ഒഴിവാക്കിയത് കാരണം പ്രസ്തുത വിഭാഗം ജീവനക്കാർക്ക് പ്രമോഷൻ ലഭിച്ചുകൊണ്ടിരുന്ന തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ നിന്നും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയെ ഒഴിവാക്കിയതിനാൽ നിലവിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് ഓപ്പറേറ്റർ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നൽകുന്നതിന് പരിഗണിക്കപ്പെടുന്ന ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ പരിധിയിൽ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക ഉൾപ്പെടുന്നില്ല. |
| (ബി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റുമാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയതിന് ശേഷം എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മറ്റ് ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. |
| (സി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പത്താംക്ലാസ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള ഏതൊക്കെ തസ്തികകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ തസ്തികയുടെയും സ്കെയിൽ ഓഫ് പേ എത്രയെന്ന് വിശദമാക്കുമോ; | (സി) | പൊതു ഭരണ സെക്രട്ടേറിയറ്റിലെ പത്താം ക്ലാസ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളുടെ വിവരം സ്കെയിൽ ഓഫ് പേ സഹിതം ചുവടെ നല്കുന്നു. 1) ഓഫീസ് അറ്റൻഡന്റ് : 23000-50200: പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം 2) സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II : 26500-60700 : പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം 3) ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II : 26500-60700 : പ്രൊമോഷൻ മുഖേന 4) അറ്റൻഡർ : 24400-55200 : പ്രൊമോഷൻ മുഖേന 5) ബൈൻഡർ ഗ്രേഡ് II : 26500-60700: പ്രൊമോഷൻ മുഖേന 6) ലിഫ്റ്റ് ഓപ്പറേറ്റർ : 25100-57900 : പ്രൊമോഷൻ മുഖേന 7) മോട്ടോർ സൈക്കിൾ ഓർഡർലി : 27900-63700 : പ്രൊമോഷൻ മുഖേന 8) ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ : 25100-57900 : പ്രൊമോഷൻ മുഖേന 9) നോട്ടം : 24400-55200 : പ്രൊമോഷൻ മുഖേന |
| (ഡി) | പത്താംക്ലാസ് അടിസ്ഥാന യോഗ്യതയായി | (ഡി) | പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ |

| | | | |
|---|---|---|---|
| | നിശ്ചയിച്ചിട്ടും സബോർഡിനേറ്റ് സർവ്വീസ് ഓഫീസ് അറ്റൻഡന്റുമാരുടെ അടിസ്ഥാന ശമ്പളം ഇരുപത്തിമൂവായിരം രൂപയായി നിലനിർത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | | ശിപാർശ ചെയ്ത ഉയർന്ന ശമ്പള സ്കെയിലുകളിൽ, ആരോഗ്യ വകുപ്പിന് കീഴിലുള്ള തസ്തികകൾക്ക് മാത്രമേ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഉയർന്ന ശമ്പള സ്കെയിലുകൾ അനുവദിച്ച് നൽകിയിട്ടുള്ളൂ. ആയതിനാലാണ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഓഫീസ് അറ്റൻഡന്റുമാർക്ക് പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട ശമ്പള സ്കെയിലിന് ആനുപാതികമായി 23000-50200 എന്ന ശമ്പള സ്കെയിൽ അനുവദിക്കപ്പെട്ടത്. ആരോഗ്യ ഇതര വകുപ്പുകളിൽ കമ്മീഷൻ ശിപാർശ ചെയ്ത ഉയർന്ന ശമ്പള സ്കെയിലുകൾ അനുവദിച്ചു നൽകുന്നത് സംബന്ധിച്ച് സർക്കാർ നിയമിച്ച സെക്രട്ടറിതല സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശകളുടെ അപാകതകൾ പഠിക്കുവാൻ നിയോഗിച്ച അനോമലി കമ്മിറ്റിയുടെ കാലാവധി എത്രനാളാണെന്ന് വ്യക്തമാക്കുമോ? | (ഇ) | 06/02/2021ലെ സ.ഉ.(സാധാ)നം 1049/2021/ധന പ്രകാരം രൂപീകരിച്ച മൂന്നംഗ സെക്രട്ടറി തല സമിതി ഒരു മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ